**എച്ച്.2/29303/2013/ഡി.പി.ഐ**

**പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ**
**കാര്യാലയം, തിരുവനന്തപുരം,**
തീയതി 19.03.2014.

പ്രേഷിതൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
3. എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ/മാഡം,

വിഷയം;- **പൊ.വി.-ജീവനം- തസ്തിക നിർണയം 2013-14 -സംശയ നിവാരണം സംബന്ധിച്ച്.**

സൂചന;-
1. 29.11.2013 ലെ ജി.ഒ(പി) നമ്പർ 313/2013/പൊ.വി.വ.
2. ഈ ആഫീസിൽ നിന്നുള്ള 5.3.2014 ലെ ഇതേ നമ്പർ സർക്കുലർ.
3. 14.3.2014 ലെ വീഡിയോ കോൺഫറൻസ്.

സംസ്ഥാനത്തെ സ്കൂളുകളിലെ 2013-14 ലെ തസ്തിക നിർണയം സംബന്ധിച്ച് പുറപ്പെടുവിച്ച സൂചന ഒന്നിലെ ഉത്തരവിലേക്കും സൂചന രണ്ടിലെ സർക്കുലറിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇതു സംബന്ധിച്ച് 14.3.2014 ന് നടത്തിയ വീഡിയോ കോൺഫറൻസിൽ വിദ്യാഭ്യാസ ഓഫീസർമാർ ഉന്നയിച്ച സംശയങ്ങൾക്ക് രേഖാമൂലം മറുപടി നൽകാമെന്ന് അറിയിച്ചിരുന്നു. പ്രസ്തുത സംശയങ്ങൾക്കുള്ള സ്പഷ്ടീകരണങ്ങളാണ് ചുവടെ ചേർക്കുന്നത്.

1. **<u>ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണം</u>**

2013-14 ലെ ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ യു.ഐ.ഡി/ഇ.ഐ.ഡി സ്ട്രെങ്ക്ത് ആണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. യു.ഐ.ഡി/ഇ.ഐ.ഡി നമ്പർ പിൽക്കാലത്ത് ലഭിച്ചതാണെങ്കിൽ പോലും ആറാം സാധ്യായ ദിനത്തിൽ കുട്ടി റോളിലുണ്ടായിരുന്നാൽ തസ്തിക നിർണയത്തിന് കണക്കിലെടുക്കാം. ഭിന്നശേഷിയുള്ള കുട്ടികൾ ഉൾപ്പെടെ വളരെക്കുറച്ച് കുട്ടികൾക്കാണ് സംസ്ഥാനത്ത് ഇനിയും യു.ഐ.ഡി/ഇ.ഐ.ഡി നമ്പർ ലഭിക്കാനുള്ളത്. ഇത്തരം കുട്ടികളുടെ നിജസ്ഥിതി സംബന്ധിച്ച് ക്ലാസ്ടീച്ചർ ഒപ്പിട്ട് പ്രഥമാധ്യാപിക മേലൊപ്പ് പതിച്ച വ്യക്തമായ ഡിക്ലറേഷൻ ഉണ്ടെങ്കിൽ

(കുട്ടിയുടെ പേര്, അഡ്മിഷൻ നമ്പർ, ക്ലാസ്, ഡിവിഷൻ, ജനനത്തീയതി, രക്ഷിതാവിന്റെ പേര്, മേൽവിലാസം തുടങ്ങിയ വിവരങ്ങൾ ഡിക്ലറേഷനിൽ ഉണ്ടായിരിക്കണം) അവരെയും തസ്തിക നിർണയത്തിന് കണക്കിലെടുക്കാം. (ക്ലാസ് തല ലിസ്റ്റുകൾ പ്രഥമാധ്യാപകർ ക്രോഡീകരിച്ചും നൽകിയിരിക്കണം). റീ-അഡ്മിഷൻ പരിഗണിക്കേണ്ടതില്ല.

2. **<u>അധ്യാപക-വിദ്യാർഥി അനുപാതം</u>**

സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 1:45 അനുപാതത്തിൽതന്നെയാണ് തസ്തിക നിർണയം നടത്തേണ്ടത്.

എയ്ഡഡ് സ്കൂളുകളിൽ 2010-11 വർഷം അനുവദിച്ച തസ്തികകളിൽ നിയമനാംഗീകാരത്തോടെ തുടരുന്ന അധ്യാപകരെ സംരക്ഷിക്കുന്നതിനുവേണ്ടി മാത്രമാണ് 1:30/1:35 അനുപാതത്തിന്റെ ആനുകൂല്യം നൽകുന്നത്. ഇതുസംബന്ധിച്ച് സൂചന രണ്ടിലെ സർക്കുലറിലെ നിർദേശങ്ങൾ വ്യക്തമാണ്.

3. **<u>അധിക തസ്തികകൾ</u>**

'സ്കൂൾതല പി.റ്റി.ആർ' എന്നത് വിദ്യാഭ്യാസ അവകാശ ആക്ട് സെക്ഷൻ 25 പ്രകാരം ആക്ടിന്റെ ഷെഡ്യൂളിൽ പറയുന്നതാണ്. ഇതിന്റെ ബാധകത സംബന്ധിച്ച സംശയങ്ങൾ നിലനിൽക്കുന്നതിനാൽ തൽക്കാലം അധിക തസ്തികകളുടെ സാധ്യത 1:45 അനുപാതത്തിൽതന്നെ കണക്കാക്കി അറിയിക്കുക. (സ്കൂൾതല പി.റ്റി.ആർ അനുസരിച്ചും ഇത് കണക്കാക്കി ഓഫീസിൽ സൂക്ഷിക്കുക).

4. **<u>2011-12, 2012-13 വർഷങ്ങളിലെ തസ്തിക നിർണയം</u>**

2010-11 ലെ തസ്തിക നിർണയം 01.10.2011 ലെ ജി.ഒ.(പി) നമ്പർ 199/2011/പൊ.വി.വ. ഖണ്ഡിക 6ബി (1) പ്രകാരം 2011-12 വർഷത്തേക്കും, 06.06.2012 ലെ സർക്കുലർ നമ്പർ 31904/ജെ2/12/പൊ.വി.വ. പ്രകാരം 2012-13 വർഷത്തേക്കും ബാധകമാക്കിയിട്ടുള്ളതിനാൽ പ്രസ്തുത വർഷങ്ങളിലെ തസ്തിക നിർണയം ഇനി ചെയ്യേണ്ടതില്ല. 2013-14 ലെ തസ്തിക നിർണയ സ്റ്റേറ്റ്മെന്റിൽ 'മുൻവർഷത്തെ തസ്തികകളെ സംബന്ധിച്ച വിവരം ചേർക്കുന്ന കോളത്തിൽ '2010-11 to 2012-13' എന്ന് കാണിച്ച് 2010-11 ൽ അനുവദിച്ച തസ്തികകളുടെ എണ്ണം ചേർത്താൽ മതിയാകും.

5. **<u>ഫുൾടൈം ബെനഫിറ്റ് ലഭിക്കുന്ന ഭാഷാധ്യാപകരുടെ ക്ലബ്ബിംഗ്</u>**

02.05.1973 ലെ ജി.ഒ(എം.എസ്) നമ്പർ 62/73/സ്കൂൾ വിദ്യാഭ്യാസം എന്ന ഉത്തരവിലെ ഖണ്ഡിക VI പ്രകാരം ആഴ്ചയിൽ ചുരുങ്ങിയത് 8 പീരീഡ് ജോലിയും 5 വർഷത്തെ സർവീസുമുള്ള പാർട് ടൈം ഭാഷാധ്യാപകർക്കാണ് 1973-74 വർഷം മുതൽ ഫുൾടൈം ബെനഫിറ്റ് നൽകിവരുന്നത്. ഫുൾടൈം ബെനഫിറ്റ് എന്നാൽ ഫുൾടൈം അധ്യാപകർക്കുള്ള എല്ലാ സേവന വേതന അവകാശങ്ങളും എന്നു തന്നെയാണ് അർത്ഥം. ഫുൾടൈം അധ്യാപകർക്കുള്ള ശമ്പളം നൽകുമ്പോൾ ഫുൾടൈം ജോലി ചെയ്യാനും അധ്യാപകർ ബാധ്യസ്ഥരാണ്. അതുകൊണ്ടാണ് ഇവരുടെ സേവനം ആവശ്യമുള്ള സമീപ സ്കൂളുമായി ഇവരെ ക്ലബ്ബ് ചെയ്യണമെന്ന് നിർദേശിച്ചത്. ഇത് ഒരു പുതിയ കാര്യമല്ല. വർഷങ്ങളായി ഇത് ചെയ്യുന്നുണ്ട്. എ.ഇ.ഒ/ഡി.ഇ.ഒ മാർ തസ്തിക നിർണയ ഉത്തരവിലൂടെതന്നെ ഇതിനുള്ള നിർദേശം പുറപ്പെടുവിച്ചാൽ മതിയാകും. മാതൃസ്കൂളിൽനിന്ന്/വീട്ടിൽനിന്ന് എട്ട് കിലോമീറ്ററിലധികം ദൂരത്തേക്കുള്ള സ്കൂളുകളിലേക്കുള്ള ക്ലബ്ബിംഗ് പരമാവധി ഒഴിവാക്കണം. മറ്റ് വിഷയങ്ങൾ പഠിപ്പിക്കുന്നതിനുവേണ്ടി ഇത്തരം അധ്യാപകരെ ക്ലബ് ചെയ്യേണ്ടതില്ല.

'ഗ്രൂപ്പ് സി' ഡൈവർഷൻവഴി ഫുൾടൈം ആയവർക്ക് പ്രസ്തുത സ്കൂളിൽ തന്നെ ഫുൾടൈം ജോലിക്ക് ആവശ്യമായ പീരീഡ് ഉള്ളതിനാൽ അവരെ ക്ലബ് ചെയ്യേണ്ടതില്ല.

6. **<u>അറബിക്/സംസ്കൃതം/ഉറുദു തുടങ്ങിയ ഭാഷാ പഠനം</u>**

ഈ ഭാഷാപഠനത്തിനുള്ള തസ്തികകൾ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മിനിമം സ്ട്രെങ്ക്തിൽ മാറ്റമൊന്നും വന്നിട്ടില്ല. ക്ലാസ് ഡിവിഷന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന ഭാഷാ തസ്തികകൾ നിലനിർത്തുന്നതിന് 1:30/1:35 അനുപാതത്തിന്റെ ആനുകൂല്യം പ്രയോജനപ്പെടുത്താം.

7. **<u>സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തികകൾ</u>**

തയ്യൽടീച്ചറുടെ തസ്തിക അനുവദിക്കാനാവശ്യമായ പെൺകുട്ടികളുടെ എണ്ണത്തിലോ (200), യൂ.പി സ്കൂളിൽ ഒരു സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തിക അനുവദിക്കുന്നതിനാവശ്യമായ കുട്ടികളുടെ എണ്ണത്തിലോ (500) മാറ്റം വന്നിട്ടില്ല.

## 8. ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽനിന്നു മാറ്റുന്ന ഒഴിവിലെ നിയമനം

I മുതൽ V വരെ ക്ലാസുകൾ ഉള്ള എൽ.പി സ്കൂളുകളിലെ ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കുന്നതിന് സ്കൂളിൽ എത്ര കുട്ടികൾ വേണമെന്ന് സൂചനയിലെ സർക്കാർ ഉത്തരവിൽ നിർദേശമില്ല. ഇത്തരം വിദ്യാലയങ്ങളെ എൽ.പി സ്കൂളുകളായാണ് പരിഗണിക്കുന്നത് എന്നതിനാൽ അവിടെ I മുതൽ IV വരെ ക്ലാസുകളിൽ 150 കുട്ടികളിൽ കൂടുതൽ ഉണ്ടെങ്കിൽ ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽനിന്ന് ഒഴിവാക്കാവുന്നതാണ്.

ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽനിന്ന് മാറ്റുന്നത് സർക്കാർ വിദ്യാലയങ്ങൾക്കുമാത്രം ബാധകമായ കാര്യമാണ്. എന്നിരുന്നാലും 1:30/1:35 അനുപാതം പ്രയോഗിച്ചതിനുശേഷവും നിയമനാംഗീകാരമുള്ള അധ്യാപകർ തസ്തികയില്ലാതെ അധികമായി നിൽക്കുന്ന എയ്ഡഡ് സ്കൂളുകളിൽ, അവിടെ നിർദിഷ്ട എണ്ണം കുട്ടികൾ ഉണ്ടെങ്കിൽ, ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽനിന്ന് ഒഴിവാക്കി പ്രസ്തുത ഒഴിവിൽ പുറത്താകുന്ന അധ്യാപകരിൽ സീനിയറിനെ അഡ്ജസ്റ്റ് ചെയ്യാം. ഇതല്ലാതെ മറ്റ് എയ്ഡഡ് സ്കൂളുകളിലെ (നിർദിഷ്ട എണ്ണം കുട്ടികൾ ഉണ്ടെങ്കിലും) ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽനിന്ന് ഒഴിവാക്കാൻ അനുവാദമില്ല. (സർക്കുലറിലെ ഖണ്ഡിക 8 ശ്രദ്ധിക്കുക)

## 9. പ്രാബല്യത്തീയതി

തസ്തിക നിർണയ ഉത്തരവിന്റെ (2013-14) പ്രാബല്യത്തീയതി 15.07.2013 തന്നെയായിരിക്കും. എന്നാൽ 2013-14 നുമുമ്പുള്ള ദീർഘകാല ഒഴിവുകളിൽ നിയമനാംഗീകാരം ലഭിച്ച് തുടരുന്ന താൽക്കാലിക അധ്യാപകർ ഈ വർഷത്തെ തസ്തിക നിർണയംമൂലം പുറത്തായാൽ 31.03.2014 വരെ അവർക്ക് നൽകിയ ശമ്പളം തിരിച്ചുപിടിക്കേണ്ടതില്ല.

## 10. അനധ്യാപക ജീവനക്കാർ

അധ്യാപകേതര ജീവനക്കാരുടെ തസ്തിക നിർണയിക്കുന്നതിനാവശ്യമായ കുട്ടികളുടെ എണ്ണത്തിലും (699/700/1499/1500) മാറ്റമൊന്നും വന്നിട്ടില്ല.

## 11. കോർപ്പറേറ്റ് മാനേജ്മെന്റിലെ സ്കൂളുകൾ

കോർപ്പറേറ്റ് മാനേജ്മെന്റിലെ സ്കൂളുകളിലെ തസ്തിക നിർണയവും 1:45 അനുപാതത്തിൽതന്നെയാണ് ചെയ്യേണ്ടത്. എന്നാൽ 1:30/1:35 അനുപാത ത്തിന്റെ ആനുകൂല്യം നൽകുന്നതിനാണ് സ്കൂളുകളെ ഒരു യൂണിറ്റായി

കണക്കാക്കണമെന്ന് സൂചനയിലെ സർക്കുലറിൽ നിർദേശിച്ചത് (1:40 അനുപാതം മുൻവർഷങ്ങളിൽ അനുവദിച്ചതും ഇപ്രകാരമായിരുന്നുവെന്നത് ഓർക്കുക) സ്കൂളുകൾ ഒരു ഉപജില്ലയിലാണെങ്കിൽ (പ്രൈമറി) ബന്ധപ്പെട്ട എ.ഇ.ഒയും, ഒരു വിദ്യാഭ്യാസ ജില്ലയിലാണെങ്കിൽ ഡി.ഇ.ഒയും, ഒരു റവന്യൂജില്ലയിലാണെങ്കിൽ ഡി.ഡി.ഇയും, ഒന്നിലധികം റവന്യൂ ജില്ലകളിലാണെങ്കിൽ ഡയറക്ടറേറ്റിലും ഇത് ചെയ്യാൻ കഴിയും.

12. **<u>സ്പെഷ്യൽ സ്കൂളുകളിലെ തസ്തിക നിർണയം</u>**

സ്പെഷ്യൽ സ്കൂളുകളിലെ തസ്തിക നിർണയം സംബന്ധിച്ച നിലവിലുള്ള അനുപാതത്തിന് മാറ്റങ്ങളൊന്നുമില്ല.

13. **<u>അൺ ഇക്കണോമിക് സ്കൂളുകൾ</u>**

മിനിമം അധ്യാപകരുടെ എണ്ണം ഉറപ്പാക്കി അൺ ഇക്കണോമിക് സ്കൂളുകളുടെയും തസ്തിക നിർണയം നടത്തുക.

21.04.2014 നു മുമ്പ് സ്കൂളുകളിലെ തസ്തിക നിർണയം നിർബന്ധമായും പൂർത്തിയായിരിക്കണം. (സ്റ്റേ ഉത്തരവ് ബാധകമല്ലാത്ത സ്കൂളുകളുടേത്) അധിക ഡിവിഷന് അർഹതയുള്ള സ്കൂളുകളിൽ പ്രസ്തുത ഡിവിഷനുകളും തസ്തികകളും ഒഴികെയുള്ളവ പ്രൊവിഷണലായി അനുവദിച്ച് ഉത്തരവ് തയ്യാറാക്കേണ്ടതാണ്.

പുതുക്കിയ തസ്തിക നിർണയ ഉത്തരവിന്റെ മാതൃക അയച്ചുതരുന്നതാണ്. <u>ഈ ഓഫീസിൽനിന്നുള്ള തുടർ അറിയിപ്പ് ലഭിക്കാതെ തസ്തിക നിർണയ ഉത്തരവുകൾ പ്രസിദ്ധീകരിക്കരുതെന്നും അറിയിക്കുന്നു.</u>

തസ്തികകളുടെ എണ്ണം ശേഖരിക്കുന്നതിനായി ആറ് മാതൃകാ ഫോറങ്ങൾ (Excel ഫോർമാറ്റിൽ) ഇതോടൊപ്പം അയക്കുന്നു.

1. Proforma SF I G, SF I A - സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ തസ്തികകളെ സംബന്ധിച്ച സ്കൂൾതല വിവരങ്ങൾ രേഖപ്പെടുത്താനുള്ളതാണിത്. വിവരങ്ങൾ രേഖപ്പെടുത്തി എ.ഇ.ഒ/ഡി.ഇ.ഒ ഓഫീസുകളിൽ സൂക്ഷിക്കുക.

2. Proforma SF II G, SF II A - അനുവദിക്കപ്പെട്ട തസ്തികകളുടെ ഉപജില്ല/ജില്ലാതല ക്രോഡീകരണമാണ് ഇതിൽ നടത്തേണ്ടത്. ക്രോഡീകരിച്ച ഫോറങ്ങൾ 21.04.2014

വൈകീട്ട് 4 മണിക്കുമുമ്പ് ഡി.ഡി. ഓഫീസുകളിലേക്ക് അയക്കേണ്ടതാണ്.

3. Proforma SF III G, SF III A - റവന്യൂജില്ലാതല ക്രോഡീകരണമാണ് ഇതിലുള്ളത്. ക്രോഡീകരിച്ച വിവരങ്ങൾ 22.04.2014 വൈകീട്ട് 5 മണിക്കുമുമ്പ് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഡയറക്ടറേറ്റിലെ 'എച്ച്' സെക്ഷൻ, സീക്രട്ട് സെക്ഷൻ എന്നിവിടങ്ങളിലേക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്.

1:30/1:35 അനുപാതത്തിന്റെ ആനുകൂല്യം സർക്കാർ സ്കൂളുകൾക്കുകൂടി നൽകിയാൽ നിലവിലുള്ള എത്ര അധ്യാപകർക്ക് അതിന്റെ പ്രയോജനം ലഭിക്കുമെന്ന് കണ്ടെത്തണമെന്ന് സർക്കാരിന്റെ നിർദേശം ഉണ്ടായിട്ടുണ്ട്. ആയതിനാൽ സർക്കാർ സ്കൂളിൽ 1:30/1:35 അനുപാതത്തിൽ നിലനിർത്താൻ കഴിയുന്ന അധ്യാപകരുടെ തസ്തികകളെ സംബന്ധിച്ച വിവരവും കണ്ടെത്തി അറിയിക്കേണ്ടതാണ്. (ഇതിനായി Proforma SF I to SF III A പ്രത്യേകമായി ഉപയോഗിക്കണം).

വിശ്വസ്തതയോടെ,

(ഒപ്പ്)
പി.ഐ. ഷെയ്ക്ക് പരീത് ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ

എൽ. രാജൻ
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)

പകർപ്പ് :-

1) ഡയറക്ടറേറ്റിലെ ജി, എഫ്, ഇ.റ്റി, ഇ.എം, ഇ.സി., ആർ.എ, വിജിലൻസ് സെൽ സൂപ്രണ്ടുമാർക്കും യൂണിറ്റ് ഓഫീസർമാർക്കും.

2) സൂപ്പർചെക്ക് സെൽ ഓഫീസർ

3) കരുതൽ ഫയൽ